LIBRARY ARCHIVES Kerala Legislative Assembly

വിശ്വകർമ്മ സമുദായത്തിൽപ്പെട്ടവർക്ക് പരമ്പരാഗത തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

59 [2096] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ചിട്ടുള്ളത് ഏതൊക്കെ വിഭാഗം തൊഴിലാളികളെയും സമുദായങ്ങളെയുമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പരമ്പരാഗത തൊഴിലാളികളായി പ്രഖ്യാപിച്ചവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും പരിഗണനകളും എന്തൊക്കെയാണ് ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത തൊഴിലാളികളായി ആരെയെല്ലാം പ്രഖ്യാപിച്ചിട്ടുണ്ട് ;

(ഡി) പുതിയതായി എന്തൊക്കെ ആനുകൂല്യങ്ങളാണ് വിശ്വകർമ്മ സമുദായത്തിന് ആനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഇ) ഇതിനായി സംസ്ഥാന ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ)(ബി) ആന്റ് (സി) 27-1-2003-ലെ ജി.ഒ. (പി) 76/2003/എസ്സ്.സി./എസ്. റ്റി. ഡി. ഡി. നമ്പർ ഉത്തരവ് പ്രകാരം വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. സാമുദായിക അടിസ്ഥാനത്തിലല്ല തൊഴിൽ വകുപ്പിൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(ഡി) ആന്റ് (ഇ) വിശ്വകർമ്മ സമുദായത്തിനായി പുതിയ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല. സമുദായിക അടിസ്ഥാനത്തിലല്ല, മറിച്ച് തൊഴിൽ മേഖല അടിസ്ഥാനത്തിലാണ് തൊഴിൽ വകുപ്പിൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ

60 [2097] ശ്രീ. എ. കെ. ബാലൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ തൊഴിലില്ലായ്മയും പട്ടിണിയും രോഗവുംമൂലം മരണപ്പെടുന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുത്തശേഷം തോട്ടം മേഖലയിൽ പണിയെടുക്കുന്ന എത്ര തൊഴിലാളികളും കുടുംബാംഗങ്ങളിൽപ്പെട്ടവരും തൊഴിലില്ലായ്മ മൂലവും പട്ടിണിയും രോഗവുംമൂലവും മരണപ്പെട്ടിട്ടുണ്ട്;

(സി) യു. ഡി. എഫ്. സർക്കാർ അധികാരമെടുത്തശേഷം തോട്ടം തൊഴിലാളികൾക്ക് നൽകാനുള്ള ഡി. എ. മരവിപ്പിച്ചിട്ടുണ്ടോ;

(ഡി) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണവും ഡി.എ. യും പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) തൊഴിലില്ലായ്മയും പട്ടിണിയുംമൂലം മരണമടഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിലില്ലായ്മയും പട്ടിണിയുംമൂലം തോട്ടം തൊഴിലാളികൾ ആരും യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരണമടഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രോഗംമൂലമുണ്ടായ മരണം സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) തോട്ടം മേഖലയിലെ സാമ്പത്തിക പ്രതിസന്ധിമൂലം 2002 ഏപ്രിൽ ഒന്നു മുതലുള്ള ക്ഷാമബത്ത വർദ്ധനവ് തൽക്കാലത്തേയ്ക്ക് മരവിപ്പിച്ചു നിർത്തിയിരുന്നു. ഇതിൽ റബ്ബർ, ഏലം മേഖലയിൽ 1-10-2003 മുതലും കാപ്പി, തേയില തോട്ടങ്ങളിൽ 1-1-2005 മുതലും വർദ്ധനവ് നൽകുവാൻ തീരുമാനമായിട്ടുണ്ട്.

(ഡി) ആന്റ് (ഇ) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ആരംഭിച്ചിട്ടുണ്ട്. റബ്ബർ ഏലം മേഖലകളിൽ 1-10-2003 മുതൽ തോട്ടങ്ങളിൽ ക്ഷാമബത്ത വർദ്ധന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കാപ്പി, തേയില തോട്ടങ്ങളിൽ 1-1-2005 മുതൽ ക്ഷാമബത്ത വർദ്ധനവ് നൽകണമെന്ന് കഴിഞ്ഞ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ധാരണയായിട്ടുണ്ട്. 22-9-2004-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ റബ്ബർ, ഏലം തോട്ടം തൊഴിലാളികളുടെ വേതനത്തിൽ പ്രതിദിനം 5 രൂപ വീതം വർദ്ധനവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

61 [2098] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly